**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1765** **05-07-2022 - ൽ മറുപടിയ്ക്ക്**

**പാറശ്ശാല ആർ.ടി.ഒ. ടെസ്റ്റിംഗ് ഗ്രൗണ്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | ശ്രീ ആന്റണി രാജു<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | പാറശ്ശാല ആർ.ടി.ഒ. ടെസ്റ്റിംഗ് ഗ്രൗണ്ടിലേയ്ക്കുള്ള റോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത റോഡ് എത്രയും വേഗം നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ; വിശദവിവരം അറിയിക്കാമോ; | (എ) | പാറശ്ശാല കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷനിലേയ്ക്കുള്ള റോഡിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും റോഡ് നവീകരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി, സർക്കാർ അംഗീകൃത ഏജൻസികളിൽ നിന്നും പ്രൊപ്പോസൽ ലഭ്യമാക്കുന്നതിനും, റോഡ് നിർമ്മാണത്തിനുള്ള തുക എം.എൽ.എ. ഫണ്ടിൽ നിന്നും ലഭ്യമാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നതിനുമായി പാറശ്ശാല ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പാറശ്ശാല ആർ.ടി.ഒ. ടെസ്റ്റിംഗ് ഗ്രൗണ്ടിനെ മോഡൽ ടെസ്റ്റിംഗ് ഗ്രൗണ്ട് ആയി ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ആയതിന്റെ പുരോഗതി അറിയിക്കാമോ; | (ബി) | പാറശ്ശാല ടെസ്റ്റിംഗ് ഗ്രൗണ്ടിനെ മോഡൽ ടെസ്റ്റിംഗ് ഗ്രൗണ്ട് ആയി ഉയർത്തുന്നതിന് നിലവിൽ നടപടികൾ സ്വീകരിച്ചിട്ടില്ല. |
| (സി) | പാറശ്ശാല ആർ.ടി.ഒ. ടെസ്റ്റിംഗ് ഗ്രൗണ്ടിലെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് 2016 മുതൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദവിവരം, ചെലവഴിച്ച തുക, പദ്ധതിയുടെ നിലവിലെ സ്ഥിതി ഉൾപ്പെടെയുള്ള വിവരങ്ങൾ അറിയിക്കാമോ? | (സി) | 3,52,50,561/- രൂപ (മൂന്ന് കോടി അമ്പത്തിരണ്ട് ലക്ഷത്തി അമ്പതിനായിരത്തി അഞ്ഞൂറ്റി അറുപത്തി ഒന്ന് രൂപ മാത്രം) ചെലവഴിച്ചാണ് പാറശ്ശാലയിൽ ഹെവി വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻ സ്ഥാപിച്ചിട്ടുള്ളത്. ആയതിനോട് അനുബന്ധിച്ച്, സേവനങ്ങൾക്കായി എത്തുന്നവർക്ക്, വിശ്രമിക്കുന്നതിനായി വെയിറ്റിംഗ് ഷെഡ് നിർമ്മിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ